ജീവനക്കാർ അടച്ച വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതം അടയ്ക്കുവാനുള്ള നടപടിക്രമം രൂപീകരിച്ചുവരികയാണ്.

രാജ്യാന്തര വിപണിയിലെ എണ്ണവില വർദ്ധന

183 (523) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര വിപണിയിൽ എണ്ണവില ഇടിഞ്ഞതിന്റെ ആശ്വാസം സംസ്ഥാനത്തെ ജനങ്ങൾക്ക് നൽകാതെ പെട്രോൾ,ഡീസൽ വിൽപ്പന നികുതി സംസ്ഥാനത്ത് നികുതി വകുപ്പ് മുന്നറിയിപ്പില്ലാതെ 18-11-2014 അർദ്ധരാത്രി മുതൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) പ്രസ്തുത വർദ്ധനവുവഴി പൊതുജനങ്ങളിൽനിന്നും പ്രതിമാസം എത്ര കോടി രൂപാ വീതം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്, വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വർദ്ധനവിലൂടെ ഒരു ലിറ്റർ പെട്രോളിനും, ഡീസലിനും എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് ;

(ഡി) ഇത്തരത്തിൽ ഇന്ധന നികുതി വർദ്ധിപ്പിച്ചത് പുനഃപരിശോധിക്കാനും പ്രസ്തുത നികുതി വർദ്ധന പിൻവലിക്കാനും തയ്യാറാകുമോ, വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടെയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04 ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 തീയതി മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. അതിനാൽ, ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവ്വഴി എണ്ണക്കമ്പനികൾ വിലകുറച്ചതിന് മുമ്പും പിമ്പുമായി താരതമ്യപ്പെടുത്തുമ്പോൾ അധിക നികുതിഭാരം ഈ ഉല്പന്നങ്ങൾക്ക് മേൽ ചുമത്തപ്പെട്ടിട്ടില്ല.

584/16

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014 നവംബർ ഒന്നിന് എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയും ഡീസലിന് 2.25 രൂപയുമാണ് കുറച്ചിട്ടുള്ളത്. ഇതുവഴി പെട്രോളിന്റെ വിൽപ്പന നികുതി വരുമാനത്തിൽ പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിന്റെ വില്പന നികുതിയിൽ പ്രതിമാസം 8.36 കോടി രൂപയുടെയും കുറവ് വരുമായിരുന്നു. വിലക്കുറവിനുമുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി വരുമാനം സംരക്ഷിക്കാനായി 19-11-2014 മുതൽ ഇവയുടെ നികുതി നിരക്ക് ഉയർത്തിക്കൊണ്ട് പുനഃക്രമീകരിക്കുകയുണ്ടായി. ഇപ്രകാരം നികുതി നിരക്കിലുണ്ടായ വർദ്ധനവുവഴി എണ്ണക്കമ്പനികൾ വിലകുറച്ചതിനുമുമ്പ് വിൽപ്പന നികുതിയിനത്തിൽ ലഭിച്ചുകൊണ്ടിരുന്ന വരുമാനം നിലനിർത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(സി) 1-11-2014 ന് എണ്ണക്കമ്പനികൾ പെട്രോളിന്റെ വില കുറയ്ക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നീട്ടെയിൽ വില (എറണാകുളം) ലിറ്ററിന് 69.70 രൂപയായിരുന്നു. വില കുറച്ചപ്പോൾ ഇത് 66.62 രൂപയായി. 19-11-2014 മുതൽ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയപ്പോൾ നീട്ടെയിൽ വില ലിറ്ററിന് 67.29 രൂപയായി ഡീസലിന്റെ നീട്ടെയിൽ വില(എറണാകുളം) 1-11-2014 ന് മുമ്പ് ലിറ്ററിന് 59.04 രൂപയും എണ്ണക്കമ്പനികൾ അടിസ്ഥാന വില കുറച്ചപ്പോൾ 56.31 രൂപയും ആയിരുന്നു. 19-11-2014 മുതൽ നികുതി നിരക്കിൽ പുനഃക്രമീകരണം നടത്തിയപ്പോൾ നീട്ടെയിൽ വില ലിറ്ററിന് 56.78 ആയി മാറുകയുണ്ടായി.

(ഡി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (advalorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എത്രതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം advalorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാന വില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതേപോലെതന്നെ അടിസ്ഥാന വില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു.

വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് നീട്ടെയിൽ വിലയിലുണ്ടാകുന്ന ഭാരം ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്നുവച്ചുകൊണ്ട് നികുതി

LIBRARY ARCHIVES Kerala Legislative Assembly

നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. ഇത് പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലുള്ളതായി കരുതുന്നില്ല

സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും

184 (524) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ ആറ് മാസം സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത് താഴെ പറയുന്നവയുടെ കാര്യത്തിൽ എത്ര കോടി വീതമായിരുന്നു ; അവ ഓരോന്നും ആ കാലയളവിൽ പിരിഞ്ഞുകിട്ടിയത് എത്ര കോടി വീതമായിരുന്നു ; വിശദമാക്കാമോ ; (1) ലാൻറ് റവന്യൂ, (2) സ്റ്റാംപ്സ് ആന്റ് രജിസ്ട്രേഷൻ (3) അദർ ടാക്സസ് ഓൺ പ്രോപ്പർട്ടി ടാക്സ് ഓൺ കമോഡിറ്റീസ് ആന്റ് സർവ്വീസസ് (1) സ്റ്റേറ്റ് എക്സൈസ് (2) സെയിൽ ടാക്സ് ആൻറ് വി.എ.ടി (3) 'ടാക്സ്സ് ഓൺ വെഹിക്കിൾസ് (4) ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് (5) ടാക്സസ് ഓൺ ഡ്യൂട്ടീസ്?

ഉത്തരം

സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും ഇനത്തിലെ 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത്), അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 30-9-2014 വരെയുള്ള കാലയളവിൽ ലഭിച്ച വരുമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധരായി ചേർത്തിട്ടുണ്ട്. *

നിർമ്മാണ കരാറുകാരിൽനിന്നും ഈടാക്കുന്ന നികുതികൾ

185 (525) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണ കരാറുകാരിൽ നിന്നും ഈടാക്കി, വരുന്ന നികുതികൾ ഏതെല്ലാമാണെന്ന വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly